LIBRARY ARCHIVES Kerala Legislative Assembly

എനർജി സ്മാർട്ട് സ്കൂൾ പ്രോഗ്രാം

30 (4612) ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പരിപാടി നടപ്പാക്കാൻ മരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കുട്ടികൾക്കിടയിൽ ഊർജ്ജസംരക്ഷണ അവബോധം വർദ്ധിപ്പിക്കുക.

2. പുതുതലമുറയെ പ്രകൃതിയോട് ഇണങ്ങിജീവിക്കാൻ പഠിപ്പിക്കുക.

3. പുതുതായി കണ്ടുപിടിക്കപ്പെട്ട ഊർജ്ജസംരക്ഷണ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

4. കുട്ടികൾക്കിടയിലെ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

(സി) ഇ.എം.സി.-യുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഓരോ ജോയിന്റ് കോ-ഓർഡിനേറ്റർമാരും തെരഞ്ഞെടുക്കപ്പെട്ട് പ്രവർത്തിക്കുന്നു. BEE (ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി)യുടെ സഹായത്തോടുകൂടി SEP (സ്മാർട്ട് എനർജി പ്രോഗ്രാം)യുടെ പ്രവർത്തനം നടന്നുവരുന്നു. എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്, പ്രൈവറ്റ് സ്കൂളുകൾക്കും സ്മാർട്ട് എനർജി പ്രോഗ്രാമിൽ അംഗമായി പ്രവർത്തിക്കാവുന്നതാണ്.

ഊർജ്ജ സംരക്ഷണത്തിന് എസ്സോ ടീം

31 (4613) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാൻ എസ്സോ ടീമിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ടി) എന്ന ഒരു വിഭാഗത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലയിലുള്ള ഉപഭോക്താക്കൾക്ക് എനർജി ഓഡിറ്റിംഗ് നടത്തി ഊർജ്ജസംരക്ഷണം പ്രാവർത്തികമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇത് നടപ്പാക്കുന്നതിനായി പൊതുജനങ്ങളെ ബോധവത്കരിക്കാൻ ബോധവത്കരണ ക്ലാസ്സുകൾ നടത്തുക, ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക, മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവത്കരണ പരിപാടികൾ, പ്രദർശനങ്ങൾ മുതലായവ നടത്തുക, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക, ഐസ് പ്ലാന്റുകളിൽ ഊർജ്ജസംരക്ഷണം നടത്തുന്നതിന് സാങ്കേതിക ഉപദേശങ്ങൾ നൽകുക എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക മേഖലയിലെ പമ്പിംഗ് സംവിധാനത്തിലെ ഊർജ്ജസംരക്ഷണം, വിതരണ ലൈനുകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ മുതലായവയും എസ്കോട്ടിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

വൈദ്യുതി മോഷണം

32 (4614) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം ജില്ലയിൽ വൈദ്യുതി മോഷണത്തിന് പിടിക്കപ്പെട്ട വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആകെ എത്ര രൂപയുടെ വൈദ്യുതി മോഷണമാണ് ഇവർ നടത്തിയത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 20,05,352 രൂപയുടെ വൈദ്യുതി മോഷണമാണ് നടത്തിയത്.

വൈദ്യുതി മോഷണം

33 (4615) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണത്തിന് ചുമത്തിയ ഏറ്റവും കൂടിയ തുക എത്രയെന്നും ഇതിന് കാരണക്കാരനായ ഉപഭോക്താവാരെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly